132021/2022/CRU CTP(RE)TVM

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY



| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2021 ഡിസംബർ 22<br>22nd December 2021<br>1197 ധനു 7<br>7th Dhanu 1197<br>1943 പൌഷം 1<br>1st Pousha 1943 | നമ്പർ<br>No. | 3759 |



### നെയ്യാറ്റിൻകര നഗരസഭ

### വിജ്ഞാപനം

18 ഡിസംബർ 2021

No. E1/26999/15

നെയ്യാറ്റിൻകര

നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെടുന്നതും 31/08/2021 ലെ സ.ഉ.(കൈ) നം. 189/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവു പ്രകാരം പ്രസിദ്ധീകരിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ളതുമായ നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്തിന്റെ കരട് മാസ്റ്റർപ്ലാൻ നെയ്യാറ്റിൻകര മുനിസിപ്പൽ കൗൺസിൽ പരിഷ്കാരങ്ങളോടുകൂടി സ്വീകരിച്ചത് നഗരസഭ ഔദ്യോഗിക വെബ്സൈറ്റിൽ 2016 ലെ കേരള – ഗ്രാമാസൂത്രണ ആക്ടിന്റെ (2016 ലെ 9) 36 – ാം വകുപ്പ് (4) – ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)
മുനിസിപ്പൽ സെക്രട്ടറി

This is a digitally signed Gazette
Authenticity may be verified through https://compose.kerala.gov.in/

ഫാറം - IV

(ചട്ടം 19(2) കാണുക)

**നെയ്യാറ്റിൻകര മുനിസിപ്പൽ കൗൺസിൽ**

2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016 - ലെ.9) 36 - ാം വകുപ്പിന്റെ 4 - ാം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ കരട് മാസ്റ്റർ പ്ലാൻ നെയ്യാറ്റിൻകര മുനിസിപ്പൽ കൗൺസിൽ തയ്യാറാക്കിയത്, നെയ്യാറ്റിൻകര മുനിസിപ്പൽ കൗൺസിലിന്റെ ഒദ്യോഗിക വെബ് സൈറ്റായ www.neyyattinkaramunicipality.lsgkerla.gov.in ൽ 2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016 ലെ 9) 36 - ാം വകുപ്പ് 4 - ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

| | | |
|---|---|---|
| വടക്ക് | : | ആര്യൻകോട് പഞ്ചായത്ത്, മാറനല്ലൂർ പഞ്ചായത്ത് |
| കിഴക്ക് | : | ആര്യൻകോട് പഞ്ചായത്ത്, പെരുങ്കടവിള പഞ്ചായത്ത്, കൊല്ലയിൽ പഞ്ചായത്ത് |
| തെക്ക് | : | ചെങ്കൽ പഞ്ചായത്ത്, തിരുപുറം പഞ്ചായത്ത് |
| പടിഞ്ഞാറ് | : | മാറനല്ലൂർ പഞ്ചായത്ത്, പള്ളിച്ചൽ പഞ്ചായത്ത്, അതിയന്നൂർ പഞ്ചായത്ത്, തിരുപുറം പഞ്ചായത്ത് |

**കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത്** നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ.

| | | |
|---|---|---|
| (എ) | അംഗീകരിച്ച വിശദനഗരാസൂത്രണ പദ്ധതികൾ | : നെയ്യാറ്റിൻകര ബസ് സ്റ്റാൻഡ് പ്രദേശത്തിനായുള്ള വിശദ നഗരാസൂത്രണ പദ്ധതി (DTP Scheme for Neyyattinkara Bus Stand Area) |
| (ബി) | പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ | : ഇല്ല |
| (സി) | മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക | : ഇല്ല |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ : നെയ്യാറ്റിൻകര ബസ് സ്റ്റാൻഡ് പ്രദേശത്തിനായുള്ള വിശദ നഗരാസൂത്രണ പദ്ധതി (DTP Scheme for Neyyattinkara Bus Stand Area)

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി നെയ്യാറ്റിൻകര മുനിസിപ്പൽ കൗൺസിലിന്റെ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താത്പര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം നെയ്യാറ്റിൻകര മുനിസിപ്പൽ കൗൺസിൽ സെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016 ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ട് (2016 ലെ 0) 61 – ാം വകുപ്പ് പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

2016 ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിൽ നിന്നും പ്രസിദ്ധീകരണാനുമതി ലഭിച്ച ശേഷം നെയ്യാറ്റിൻകര നഗരത്തിനായുള്ള കരട് മാസ്റ്റർ പ്ലാൻ നഗരസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർന്ന് പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ആക്ടിലെ 36-ാം വകുപ്പ് (4) ാം ഉപവകുപ്പിൽ നിഷ്ക്കർഷിക്കുന്നവിധം ഔദ്യോഗിക ഗസറ്റിൽ ഉൾപ്പെടെ പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

മേൽപരഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 202

Digitally signed by Salim A
Date 2021.12.22 01:58:57 +05:30

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/